പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 90 30/11/2018 ൽ മറുപടിക്ക്

## കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ പി:<br>ശ്രീ. മുല്ലക്കര രത്നാകരൻ:<br>ശ്രീമതി ഇ.എസ്.ബിജിമോൾ:<br>ശ്രീ.കെ. രാജൻ: | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | എ) | കേരളത്തിലെ മൃഗസംരക്ഷണ മേഖലയിലെ ഉരുക്കളെ ഇൻഷ്വർ ചെയ്യുവാൻ കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തിൽ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (എൻ.എൽ.എം) 2016-17, ഗോസമൃദ്ധി 2017-18 എന്നീ പദ്ധതികളുണ്ട്. ഇതിൽ എൻ.എൽ.എം 2016-17 പദ്ധതി പൂർത്തീകരിച്ചു. ഗോസമൃദ്ധി 2017-18 പദ്ധതി നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്. NLM 2016 -17 പദ്ധതിയിൽ 1.73 കോടി രൂപയും, NLM പ്ലസ് 2017 -18 ൽ 83.34 ലക്ഷം രൂപയും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതിക്കായി വകയിരുത്തിയിരുന്നു. ഗോസമൃദ്ധി 2017 -18 പദ്ധതിയിൽ 5 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിരുന്നു. ഗോസമൃദ്ധി പ്ലസ് 2018 -19 പദ്ധതിക്കായി 5 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2018 നവംബർ മാസത്തിൽ പശുക്കളേയും പശുവിന്റെ ഉടമയായ കർഷകരേയും ഒന്നിച്ച് ഇൻഷ്വർ ചെയ്യുവാൻ കഴിയുന്ന ഗോസമൃദ്ധി പ്ലസ് 2018-19, എൻ.എൽ.എം പ്ലസ് 2017-18 പദ്ധതികൾ ആരംഭിച്ചു. |
| ബി) | കന്നുകാലികൾ മരണപ്പെടുന്നത് മൂലം ക്ഷീര കർഷകർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കാൻ കർഷകർക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന വിധത്തിൽ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ബി) | 2018 നവംബർ മാസത്തിൽ ആരംഭിച്ച സംസ്ഥാന സർക്കാരിന്റെ ഗോസമൃദ്ധി 2018-19, കേന്ദ്ര ഗവൺമെന്റിന്റെ എൻ.എൽ.എം 2017-18 എന്നീ പദ്ധതികൾ വഴി പശുക്കളേയും, പശുവിന്റെ ഉടമയായ കർഷകരേയും ഇൻഷ്വർ ചെയ്യാവുന്നതാണ്. 1 വർഷം, 3 വർഷം എന്നീ കാലയളവുകളിലേക്ക് ഈ പദ്ധതി കർഷകർക്ക് തിരഞ്ഞെടുക്കാം. ടി പദ്ധതിയിൽ ഒരു വർഷത്തേക്ക് ഉരുവിന്റെ മതിപ്പ് വിലയുടെ 2 .8% വും മൂന്ന് വർഷത്തേക്ക് 6.54% വും പ്രീമിയം നിരക്കായി കണക്കാക്കുന്നു. ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50% വും എസ്.സി/ എസ്.ടി വിഭാഗത്തിന് 70% വും |

| | | | |
|---|---|---|---|
| | | | സർക്കാർ സബ്സിഡി നൽകും. ഉരുക്കൾ നഷ്ടപ്പെടുകയാണെങ്കിൽ പരമാവധി 50,000/- രൂപ വരെയും ഉരുക്കൾക്ക് നഷ്ട പരിഹാരം ലഭിക്കുന്നതിന് പുറമെ കർഷകന് അപകട മരണം സംഭവിച്ചാലോ, ഭാഗികമോ പൂർണ്ണമോ ആയ അംഗവൈകല്യം സംഭവിച്ചാലോ 2 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ഇതുപ്രകാരം ഒരു വർഷത്തേക്ക് 42 രൂപയും മൂന്ന് വർഷത്തേക്ക് 114 രൂപയും മാത്രം കർഷകന്റെ ഇൻഷുറൻസിന് അധിക പ്രീമിയമായി നൽകിയാൽ മതി. |
| (സി) | ഇൻഷുറൻസ് പരിരക്ഷയില്ലാത്ത കന്നുകാലികൾ മരണപ്പെട്ടാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇൻഷുറൻസ് പരിരക്ഷയില്ലാത്ത കന്നുകാലികൾ മരണപ്പെട്ടാൽ കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ് ധനസഹായം നൽകിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ ദുരന്ത നിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽനിന്നുമാണ് ധനസഹായം നൽകുന്നത്. പ്രകൃതിക്ഷോഭം, ആന്ത്രാക്സ്, പന്നിപ്പനി, പേവിഷബാധ, ആട്ടവസന്ത, വന്യജീവി ആക്രമണം, അത്യാഹിതങ്ങൾ എന്നിവ കാരണം മരണമടയുന്ന ഉരുക്കൾക്ക് കറവപശു ഒന്നിന് 16,400/- രൂപയും, ആടിന് 1,650/- രൂപയും ധനസഹായമായി നൽകുന്നു. കാള ഒന്നിന് 15,000/- രൂപയും, കിടാരിക്ക് 10,000/- രൂപയും, കോഴി / താറാവ് എന്നിവ ഒന്നിന് 50/- രൂപയുമാണ് തുക നിശ്ചയിച്ചിട്ടുള്ളത്. 2017 -18 ൽ 1.6 കോടി രൂപയുടെ ധനസഹായം കർഷകർക്ക് ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. 2018 -19 -ൽ 1 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ